# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3099 — 20.12.2012 ൽ - മറുപടിക്ക്

## പഴയകുന്നുമ്മേൽ പഞ്ചായത്തിൽ പുതിയ റേഷൻകട

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ഷെഡിൽ കടയിൽ പുതിയ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു വിശദമാക്കാമോ; | (എ) | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ഷെഡിൽ കടയിൽ പുതിയ റേഷൻകട അനുവദിക്കുന്നതിന് അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പുതിയ റേഷകൻകട അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | നിലവിൽ 16.11.95 ലെ നം: ബി3/95/ഭസിസവ നമ്പർ സർക്കുലർ പ്രകാരമാണ് പുതിയ റേഷൻകട അനുവദിക്കുന്നത്. സ്ഥലസൗകര്യമുള്ള കെട്ടിടം, ഗതാഗത യോഗ്യമായ സ്ഥലം, സമീപത്തുള്ള കടകളുടെ പ്രവർത്തനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡെങ്കിലും രജിസ്റ്റർ ചെയ്യുവാനുണ്ടായിരിക്കണം എന്നീ വ്യവസ്ഥകൾക്ക് അനുസൃതമായി ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ റേഷൻകട അനുവദിക്കുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ, ഭൂപ്രകൃതി, സ്ഥലത്തിന്റെ പ്രത്യേക സാഹചര്യം എന്നിവ കണക്കിലെടുത്ത് നിലവിലുള്ള നിബന്ധനകൾക്ക് ഇളവ് വരുത്തി റേഷൻകട അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ